നമ്പർ: 275/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കരസഭയുടെ രണ്ടാം കാതോലിക്കാ ആയിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 96-ാം ഓർമ്മപ്പെരുന്നാൾ ആ പരിശുദ്ധ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന നമ്മുടെ വാകത്താനം വള്ളിക്കാട്ട് ദയറായിൽ 2024 ഡിസംബർ മാസം 16, 17 (തിങ്കൾ, ചൊവ്വ) തീയതികളിൽ നടത്തപ്പെടുകയാണ്. ആഴമായ ദൈവാശ്രയത്തോടെ പരിശുദ്ധ സഭയ്ക്ക് നേതൃത്വം നൽകിയ ആ പിതാവ് വിശുദ്ധനായ ഒരു താപസനായിരുന്നു. ആശ്രമങ്ങളും, ദേവാലയങ്ങളും, വിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിക്കുകയും, സഭയുടെയും സമൂഹത്തിന്റെയും ഉന്നതിക്കായി അത്യന്തം ഉത്സാഹിക്കുകയും ചെയ്ത ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത പ. സഭയ്ക്ക് അനുഗ്രഹത്തിന് മുഖാന്തിരമാണ്. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും, നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന ആ പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ വിശ്വാസികൾ ഏവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 നവംബർ മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.